**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1439** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂൾ കായികാദ്ധ്യാപക തസ്തികയുടെ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹൈസ്കൂൾ കായികാദ്ധ്യാപക തസ്തികക്ക് എൻ.സി.ഇ.ആർ.ടി. നിശ്ചയിച്ച യോഗ്യതയായ ഫിസിക്കൽ എജ്യുക്കേഷൻ ബാച്ചിലർ ബിരുദം പ്രാവർത്തികമാക്കണമെന്ന കേരളാ ഹൈക്കോടതിയുടെ 05.10.2023-ലെ വിധിന്യായത്തിന്മേൽ വ്യക്തത വരുത്തി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഹൈസ്കൂൾ കായികാദ്ധ്യാപക തസ്തികക്ക് എൻ.സി.ഇ.ആർ.ടി. നിശ്ചയിച്ച യോഗ്യതയായ ഫിസിക്കൽ എജ്യുക്കേഷൻ ബാച്ചിലർ ബിരുദം പ്രാവർത്തിക മാക്കണമെന്ന കേരളാ ഹൈക്കോടതിയുടെ 05.10.2023-ലെ വിധിന്യായം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ശ്രീ മാഹിർ ഹസ്സൻ എം.കെ മുതൽ പേർ കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.1272/2021 -ന്റെ 05.10.2023 തീയതിയിലെ ഇടക്കാല ഉത്തരവിൽ 30.12.2020 -ലെ കാറ്റഗറി നമ്പർ 388/2020 പ്രകാരമുള്ള സെലക്ഷൻ നടപടികൾ എൻ.സി.ഇ.ആർ.ടി. നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നത് പരിഗണിക്കണമെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷന് നിർദേശം നൽകിയിരുന്നു. ഹൈസ്കൂൾ കായികാ ദ്ധ്യാപക തസ്തികയുടെ യോഗ്യത പുനർനിർണയിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവിന്റെ അഭാവത്തിൽ മലപ്പുറമടക്കമുള്ള വിവിധ ജില്ലകളിൽ പി.എസ്.സി.യ്ക്ക് പ്രസിദ്ധീകരിക്കാനാവാത്ത ഹൈസ്കൂൾ കായികാദ്ധ്യാപക ലിസ്റ്റുകളെ യോഗ്യത പുതുക്കി നിശ്ചയിച്ച് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഹൈസ്കൂൾ കായികാദ്ധ്യാപക തസ്തികക്ക് എൻ.സി.ഇ.ആർ.ടി. നിശ്ചയിച്ച യോഗ്യതയായ ഫിസിക്കൽ എജ്യുക്കേഷൻ ബാച്ചിലർ ബിരുദം പ്രാവർത്തിക മാക്കണമെന്ന കേരളാ ഹൈക്കോടതിയുടെ 05.10.2023-ലെ വിധിന്യായം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ശ്രീ മാഹിർ ഹസ്സൻ എം.കെ മുതൽ പേർ കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.1272/2021 -ന്റെ 05.10.2023 തീയതിയിലെ ഇടക്കാല ഉത്തരവിൽ 30.12.2020 -ലെ കാറ്റഗറി നമ്പർ 388/2020 പ്രകാരമുള്ള സെലക്ഷൻ നടപടികൾ എൻ.സി.ഇ.ആർ.ടി. നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവർക്ക് മാത്രമായി |

| | | | |
|---|---|---|---|
| | | | പരിമിതപ്പെടുത്തണമെന്നത് പരിഗണിക്കണമെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷന് നിർദേശം നൽകിയിരുന്നു. ഹൈസ്കൂൾ കായികാ ദ്ധ്യാപക തസ്തികയുടെ യോഗ്യത പുനർനിർണയിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ